# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പോത്തൻകോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.വി.എം./ജി.പി 11/1623/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 28/10/2021
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പോത്തൻകോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.വി.എം./ജി.പി 11/1623/2021 തീയ്യതി: 28/10/2021

## തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2019 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി എസ്.ശ്രീജ | ഡെപ്യൂട്ടി ഡയറക്ടർ | 26-07-2021 | 30-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 26-07-2021 | 30-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മേരി ആൻഡ്രൂസ്, ഓഡിറ്റ് ഓഫീസർ
ശീമതി സ്വപ്ന ആർ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.പ്രേംനാഥ് ജി.കെ.}
ശ്രീ.ശ്രീജിത്ത് എസ്.കെ.},സീനിയർ ഗ്രേഡ് ഓഡിറ്റർമാർ
ശ്രീ.ശരത് ജെ.ശങ്കർ, ഓഡിറ്റർ

ശ്രീ.വ Iനുകുമാർ, ഓഡ Iറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വേണുഗോപാലൻ നായർ കെ. | പ്രസിഡന്റ് | 01-04-2020 | 31-03-2021 |
| ശ്രീ.സുനിൽ വി.അബ്ബാസ് | സെക്രട്ടറി | 01-04-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷീബ ബി.എസ്. | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി പ്രീതീ ഡേവിഡ്സൺ | വെറ്റിനറി സർജൻ | 01-04-2020 | 09-09-2020 |
| ശ്രീ.ദീപു ബി.എഫ്. | വെറ്റിനറി സർജൻ | 10-09-2020 | 31-03-2021 |
| ഡോ.ബ്ലസ്സി പോൾ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ.നിമ്മി കെ.പൌലോസ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2020 | 31-03-2021 |
| ഡോ.വി.എം.ലീന | മെഡിക്കൽ ഓഫീസർ, ആയൂർവേദം | 01-04-2020 | 31-03-2021 |
| ശ്രീ.സുമോദ് എസ്.എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-1 | 01-04-2020 | 31-03-2021 |
| ശ്രീ.ബിനുപ്രസാദ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 01-04-2020 | 10-08-2020 |
| ശ്രീ.ഹരിശങ്കർ ജെ.എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-2 | 11-08-2020 | 31-03-2021 |
| ശ്രീമതി കുമാരി കല | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 04-11-2020 |
| ശ്രീമതി കവിത ഇ.വി. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 04-11-2020 | 31-03-2021 |
| ശ്രീമതി ഷമീന ബീഗം എച്ച്. | ഹെഡ്മിസ്ട്രസ്സ്, യു.പി.എസ്. | 01-04-2020 | 31-03-2021 |
| | | | |

| | | | |
|---|---|---|---|
| ശ്രീമതി ആൻസി സി.ആർ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ.സുരേഷ് കുമാർ വി. | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ.പദ്മതന്ദ്രൻ നായർ സി. | അസി.എഞ്ജിനിയർ | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sarath J Sankar (Auditor, On 07-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 25-09-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Sarath J Sankar (Auditor, On 07-08-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 29-10-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sarath J Sankar (Auditor, On 07-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 25-09-2021) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Sarath J Sankar (Auditor, On 07-08-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 29-10-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Mary Andrews (Audit Officer, On 25-10-2021)<br>Last Updated By: Mary Andrews (Audit Officer, On 25-10-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sarath J Sankar (Auditor, On 07-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 25-09-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Mary Andrews (Audit Officer, On 25-10-2021)<br>Last Updated By: Mary Andrews (Audit Officer, On 25-10-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Sarath J Sankar (Auditor, On 07-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 25-09-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Mary Andrews (Audit Officer, On 25-10-2021)<br>Last Updated By: K Sreeja (Deputy Director, On 28-10-2021) | 1-9 |
| 10 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ്<br>Written By: Mary Andrews (Audit Officer, On 25-10-2021)<br>Last Updated By: Mary Andrews (Audit Officer, On 25-10-2021) | 1-10 |
| 11 | വസ്തു നികുതി അപാകതകൾ<br>Written By: Sarath J Sankar (Auditor, On 07-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 25-09-2021) | 1-11 |
| 12 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 07-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 25-09-2021) | 1-12 |
| 13 | തൊഴിൽ നികുതി - അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 07-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 25-09-2021) | 1-13 |
| 14 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു.<br>Written By: Sarath J Sankar (Auditor, On 07-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 25-09-2021) | 1-14 |
| 15 | വളർത്തു നായ്ക്കൾക്ക് ലൈസൻസ് നൽകുന്നതിൽ അപാകത<br>Written By: Sarath J Sankar (Auditor, On 07-08-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 29-10-2021) | 1-15 |
| 16 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ<br>Written By: Sarath J Sankar (Auditor, On 07-08-2021)<br>Last Updated By: Mary Andrews (Audit Officer, On 20-08-2021) | 1-16 |

| | | |
|---|---|---|
| 17 | എസ്.എസ്.എ ഫണ്ട് വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്<br>Written By: Sreejith S K (Senior Grade Auditor, On 04-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 25-09-2021) | 1-17 |
| 18 | പർച്ചേസ്/പ്രവൃത്തികളിലെ അപാകത-42189/- രൂപയുടെ ചെലവ് വിശദീകരിക്കേണ്ടതാണ്.<br>Written By: Sreejith S K (Senior Grade Auditor, On 04-08-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 29-10-2021) | 1-18 |
| 19 | പർച്ചേസ്/പ്രവൃത്തികളിലെ അപാകത-26,622/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു<br>Written By: Sreejith S K (Senior Grade Auditor, On 04-08-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 29-10-2021) | 1-19 |
| 20 | ചെലവ് രേഖകൾ ഹാജരാക്കിയില്ല-16,599/- രൂപയുടെ ചെലവ് തടസപ്പെപ്പെടുത്തുന്നു<br>Written By: Sreejith S K (Senior Grade Auditor, On 04-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 25-09-2021) | 1-20 |
| 21 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2020-21ൽ നടപ്പിലാക്കിയ വിവിധ പ്രോജക്റ്റ്കളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.<br>Written By: Sreejith S K (Senior Grade Auditor, On 04-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 25-09-2021) | 1-21 |
| 22 | സമയ ബന്ധിതമായി മരുന്നുകൾ ലഭ്യമാകുന്നില്ല-നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Sreejith S K (Senior Grade Auditor, On 04-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 25-09-2021) | 1-22 |
| 23 | സമയ ബന്ധിതമായി മരുന്നുകൾ ലഭ്യമാകുന്നില്ല-നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Sreejith S K (Senior Grade Auditor, On 04-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 25-09-2021) | 1-23 |
| 24 | അംഗനവാടി പോഷകാഹാര പദ്ധതി - 157074രൂ രുപതടസ്സത്തിൽ വയ്ക്കുന്നു<br>Written By: Swapna R K (Asst. Audit Officer, On 17-08-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 29-10-2021) | 1-24 |
| 25 | എ.ബി.സി പ്രോഗ്രാം- വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു<br>Written By: Swapna R K (Asst. Audit Officer, On 17-08-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 29-10-2021) | 1-25 |
| 26 | ഉല്പാദനമേഖലയിലെ പ്രോജകറ്റുകൾ – മോണിട്ടറിംഗ് കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: Swapna R K (Asst. Audit Officer, On 17-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 25-09-2021) | 1-26 |
| 27 | ഇ-ടെണ്ടർ നടപടികൾക്കായുള്ള ബാങ്ക് അക്കൗണ്ട് - ക്രമീകരണങ്ങൾ അടിയന്തിരമായി നടത്തണം.<br>Written By: Premnath G.K (Senior Grade Auditor, On 31-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 25-09-2021) | 1-27 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: Sarath J Sankar (Auditor, On 07-08-2021) | 4-1 |

| | | |
|---|---|---|
| | Last Updated By: Rajeevan Chellan (Office Superintendent, On 29-10-2021) | |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sarath J Sankar (Auditor, On 07-08-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 29-10-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sarath J Sankar (Auditor, On 07-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 25-09-2021) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sarath J Sankar (Auditor, On 07-08-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 29-10-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Sarath J Sankar (Auditor, On 07-08-2021)<br>Last Updated By: Mary Andrews (Audit Officer, On 20-08-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sarath J Sankar (Auditor, On 17-08-2021)<br>Last Updated By: Sreelatha Devi N (Computer Assistant, On 25-09-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Mary Andrews (Audit Officer, On 08-10-2021)<br>Last Updated By: Mary Andrews (Audit Officer, On 08-10-2021) | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Mary Andrews (Audit Officer, On 08-10-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 29-10-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Mary Andrews (Audit Officer, On 08-10-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 29-10-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം<br>Written By: Sarath J Sankar (Auditor, On 07-08-2021)<br>Last Updated By: Mary Andrews (Audit Officer, On 08-10-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് 27.03.2020 തീയതിയിലെ 1/1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

ബജറ്റിൽ വകയിരുത്താതെ തുക ചെലവഴിച്ചു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214(5) പ്രകാരം ബജറ്റിൽ ഉൾപ്പെടാത്ത തുക ചെലവഴിക്കുന്നുണ്ടെങ്കിൽ അനുബന്ധ ബജറ്റ്/പരിഷ്കരിച്ച ബജറ്റ് അവതരിപ്പിക്കേണ്ടതും തൊട്ടടുത്ത ഗ്രാമപഞ്ചായത്ത് യോഗത്തിൽ അംഗീകരിക്കേണ്ടതുമാണ്. എന്നാൽ ബജറ്റിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന ഇനങ്ങൾക്ക് മേൽ നടപടിക്രമങ്ങൾ പാലിക്കാതെ ചെലവ് നടത്തിയിട്ടുണ്ട്.

| ക്രമ നം | ഹെഡ് ഓഫ് അക്കൗണ്ട് (ബഡ്ജറ്റ്) | ഇനം | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 2501046 | Dairy Development-Storage And Marketing | ഇല്ല | 126807/- |
| 2 | 2503001 | Small Scale Industries And Micro Enterprises | ഇല്ല | 70045/- |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 08.07.2021 | - | - |

2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട ലോൺ രജിസ്റ്റർ, വിവിധ ഋണശീർഷ വരവു തുകകളുടെ രജിസ്റ്റർ (ഡെപ്പോസിറ്റ് രജിസ്റ്റർ) എന്നിവ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

2)കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രതിമാസം വസ്തു നികുതിക്കും തൊഴിൽ നികുതിക്കും ഡിമാന്റ് നടത്തിയിട്ടില്ല.

3)2020-21 ലെ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം Total Cash Generated ആയി രേഖപ്പെടുത്തിയിരിക്കുന്ന തുക 922539/-രൂപയാണ്. എന്നാൽ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ Net Increase/Decrease In Cash And Cash Equivalents ആയി രേഖപ്പെടുത്തിയിട്ടുള്ളത് 1238690/-രൂപയാണ്.

4)സംയുക്ത പ്രോജക്ടുകൾക്കായി മുൻവർഷങ്ങളിൽ ജില്ലാപഞ്ചായത്തുകളിൽ നിന്നും ലഭിച്ച തുകകളിലെ നീക്കിയിരിപ്പ് തുക, 2020-21 വർഷവും തിരികെ ഒടുക്കിയിട്ടില്ല. മുൻ വർഷങ്ങളിൽ ലഭിച്ച തുകകളിൽ 2020-21 വർഷം യാതൊരു തുകയും ചെലവഴിക്കാത്ത ഹെഡുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഹെഡ് കോഡ് (വാർഷിക ധനകാര്യപത്രിക) | ഇനം | 2020-21 വർഷത്തെ ബാലൻസ് ഷീറ്റ് |
|---|---|---|---|
| 1 | 320700105 | Contribution Of Joint Venture Project (For Capital Expenditure) From District Panchayaths | 200000 |
| 2 | 320700204 | Contribution Of Joint Venture Project(For Revenue Expenditure) From Block Panchayaths | 24458 |
| 3 | 320700205 | Contribution Of Joint Venture Project (For Revenue Expenditure) From District Panchayaths | 302463 |

5)2019-20 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം ഇ.എം.എസ് ഭവനപദ്ധതിയുടെ വായ്പ തിരിച്ചടവ് തുക അവശേഷിക്കുന്നില്ല. എന്നാൽ 2020-21 വർഷത്തെ പ്രോജക്ട് നം.229/21 ഇ.എം.എസ്.ഭവന പദ്ധതി വായ്പ മുതൽ തിരിച്ചടവ് എന്ന പദ്ധതി പ്രകാരം 58680/-രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ലോൺ രജിസ്റ്ററിൽ തുകയുടെ വിശദാംശം രേഖപ്പെടുത്തിയിട്ടില്ല.

6)ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിശദാംശങ്ങളും വിനിയോഗ സാക്ഷ്യ പത്രങ്ങളും ഓഡിറ്റിന് ഹാജരാക്കിയില്ല. 2020-21 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം വിവിധ നിർവഹണ ഏജൻസികൾക്ക് ഡെപ്പോസിറ്റ് വർക്ക്

ഇനത്തിൽ അനുവദിച്ച നൽകിയ തുകകളിൽ നാളിതുവരെ ചെലവഴിക്കാത്ത/വിനിയോഗ സർട്ടിഫിക്കറ്റ് ലഭിക്കാത്ത തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| Code | Particulars | Amount |
|---|---|---|
| 460500201 | Deposit With Kerala Water Authority | 9239207/- |
| 460500202 | Deposit With Kerala Electricity Board | 2414996/- |
| 460500204 | Deposit With Ground Water Department | 256810/- |
| 460500205 | Deposit With PWD | 580000/- |

7) വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക B-14 Stock In Hand (Inventories)ൽ ഉൾപ്പെടുത്തിയിട്ടില്ല.

8)അക്കൗണ്ടുകളിന്മേലുള്ള വാർഷിക അനുപാതങ്ങൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

9) ഗ്രാമപഞ്ചായത്തിന്റെ 2019-20ലെ സ്ഥിര ജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങളിലെ കുടിശ്ശിക മാത്രമാണ് 2019-20 വർഷത്തെ B9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2019-20ൽ കുടിശ്ശികയായ മറ്റു ചെലവുകൾക്കായി ബാലൻസ് ഷീറ്റിൽ പ്രൊവിഷൻ നൽകിയിട്ടില്ല. 2020-21 വർഷം പ്രസ്തുത കുടിശ്ശിക ഇനങ്ങൾക്ക് ചെലവ് നടത്തിയിട്ടുണ്ട്.

10)വിവിധ ഗ്രാന്റുകൾ ചെലവഴിക്കാതെ തനത് ഫണ്ടിൽ നിലനിർത്തിയിരിക്കുന്നു. 2020-21 ബാലൻഷീറ്റ് B-4 പ്രകാരമുള്ള തുകകൾ ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | 2019-20 ബാലൻസ് ഷീറ്റ് | 2019-20 വർഷത്തെ ചെലവ് | 2019-20 ബാലൻസ് ഷീറ്റ് |
|---|---|---|---|
| 320100115 | 529596 | 483325 | 46271 |
| 320100116 | 363304 | 0 | 363304 |
| 320100199 | 662 | 0 | 662 |

11)2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് പ്രകാരം വിവിധ പ്രോജക്റ്റുകൾ നടപ്പാക്കുന്നതിനായി പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതത്തിൽ അവശേഷിച്ച 371700/-രൂപ നാളിതുവരെ ചെലവഴിക്കുകയോ ഗുണഭോക്താക്കൾക്ക് തിരികെ നൽകുകയോ ചെയ്തിട്ടില്ല. ഗുണഭോക്തൃ വിഹിതത്തിൽ 2020-21 വർഷത്തെ നീക്കിയിരിപ്പ് തുക 2020178/- രൂപയാണ്.

12)450250102 Treasury Own Fund VPFA-1-2 അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ്/പാസ്ബുക്ക് റീ കൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

13)FTEAS ലൈസൻസ്, തൊഴിൽ നികുതി എന്നിവയുടെ ഡി.സി.ബി വിവരം രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

14)താഴെപ്പറയുന്ന തീയതികളിൽ വിവിധ ബാങ്ക് ബുക്കുകൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുക ക്രഡിറ്റ് ബാലൻസ് (-Ve) രേഖപ്പെടുത്തിയിരിക്കുന്നു. വിശദാംശം ചുവടെ

| ബാങ്ക് | തീയതി |
|---|---|
| ബാങ്ക് ബുക്ക് -450250109 TSB A/C | 05/08/2020 മുതൽ 11.11.2020 വരെ |
| ബാങ്ക് ബുക്ക് 50610101 SBT-MGNREGS-67061729784 | 29/03/2021 |

14) അർബൻ അഗ്ലോമറേഷൻ ഫണ്ട് ഇനത്തിൽ തിരുവനന്തപുരം കോർപ്പറേഷനിൽ നിന്നും ഗ്രാമപഞ്ചായത്തിന് 400000/- രൂപ ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഫണ്ട് വാർഷിക ധനകാര്യ പത്രികയിൽ വ്യത്യസ്ഥ ഹെഡുകളിൽ ആവർത്തിച്ച് വരവായി രേഖപ്പെടുത്തിയിട്ടുണ്ട്. (RP-7 160300105 എന്ന ഹെഡിലും, RP-31 320700202 എന്ന ഹെഡിലും ആവർത്തിച്ച് വരവായി രേഖപ്പെടുത്തിയിട്ടുണ്ട്). സുലേഖ എക്സ്പെൻഡിച്ചർ റിപ്പോർട്ട് പ്രകാരം പ്രോജക്ട് നം.135 തിരുവനന്തപുരം മെഡിക്കൽ കോളേജിന് മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തൽ - വിഹിതം നൽകൽ എന്ന പ്രോജക്ട് പ്രകാരം പ്രസ്തുത തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിൽ 320700202 എന്ന ഹെഡിൽ അവശേഷിക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പ്രോജക്ട് തുക നാളിതുവരെ തിരുവനന്തപുരം മെഡിക്കൽ കോളേജിന് കൈമാറിയിട്ടില്ല. (മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.53/04.08.21-ന് മറുപടി ലഭ്യമായിട്ടില്ല).

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 25397536 |
| വരവ് | 128207032 |
| ആകെ | 153604568 |
| ചെലവ് | 121432500 |
| നീക്കിയിരിപ്പ് | 32172068 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ക്യൂ ബിൽ |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 14809366 | 14809366 | 13732388 | 1076978 | 72000 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 7449432 | 7449432 | 4087826 | 3361606 | 1119945 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | - |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 7350000 | 7350000 | 4283186 | 3066814 | - |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 15721629 | 15721629 | 10247255 | 5474374 | 4375834 |
| ലോകബാങ്ക് സഹായം | 0 | - | - | - | - | - |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 11957000 | 11957000 | 8428585 | 3528415 | 2873746 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 5269161 | 5269161 | 5239736 | 29425 | - |
| ശുചിത്വ മിഷൻ ഗ്രാന്റ് | 978499 | 3533531 | 4512030 | 2210000 | 2302030 | - |
| എസ്.എസ്.എ | 363304 | 0 | 363304 | 0 | 363304 | - |
| ഐ.സി.ഡി.എസ് | 1071514 | 996207 | 2067721 | 1054843 | 1012878 | - |
| എൻ.ആർ.ഇ .ജി.എസ് | 0 | 55895766 | 55895766 | 55895766 | 0 | - |
| ടോട്ടൽ സാനിട്ടേഷൻ | 529596 | 0 | 529596 | 483325 | 46271 | - |
| ആരോഗ്യ വകുപ്പ് ഫണ്ട്(കെട്ടിട നിർമ്മാണം) | 306693 | 0 | 306693 | 306693 | 0 | - |
| ലൈഫ്- സംസ്ഥാന വിഹിതം | 1066582 | 2383663 | 3450245 | 3002650 | 447595 | - |
| ആർ.ജി.പി.എസ്.എ ഫണ്ട് | 662 | 0 | 662 | 0 | 662 | - |
| മുനിസിപ്പൽ കോർപ്പറേഷൻ (അർബൻ അഗ്ലോമറേഷൻ) | 0 | 3000000** | 2600000 | 400000** | 2600000 | - |
| കേരളോത്സവം ഗ്രാന്റ് | 0 | 20000 | 20000 | 20000 | 0 | - |

**അർബൻ അഗ്ലോമറേഷൻ ഫണ്ട് ഇനത്തിൽ തരുവനന്തപുരം കോർപ്പറേഷനിൽ നിന്നും ഗ്രാമപഞ്ചായത്തിന് 220000/-രൂപയും 400000/-രൂപയും ലഭിച്ചിട്ടുണ്ട് (400000/-രൂപ RP-7 160300105 എന്ന ഹെഡിലും, RP-31 320700202 എന്ന ഹെഡിലും ആവർത്തിച്ച് വരവായി രേഖപ്പെടുത്തിയിട്ടുണ്ട്).
ലഭ്യമാകുന്ന ഗ്രാന്റ് പാഴാക്കാതെ പൂർണ്ണമായും ഫലപ്രദമായും വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർത്തീകരിച്ചവ (എണ്ണം) | ചെലവ് | ഭാഗീകമായി പൂർത്തീകരിച്ചവ (എണ്ണം) | പൂർത്തീയാക്കാത്തവ |
|---|---|---|---|---|---|
| 99 | 78728533 | 84 | 38591610 | 3 | 12 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1892593 | 1892593 | 1892593 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 54003173 | 54003173 | 54003173 | 0 |
| ആകെ | 0 | 55895766 | 55895766 | 55895766 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച | ഗുണഭോക്താക്കളുടെ |
|---|---|---|

| | തുക | എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 363360 | 277 |
| കർഷക തൊഴിലാളി വേതനം | 2807400 | 473 |
| വിധവാ പെൻഷൻ | 8472700 | 1172 |
| വാർദ്ധക്യകാല പെൻഷൻ | 14383500 | 2413 |
| വികലാംഗ പെൻഷൻ | 2416400 | 400 |
| 50വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 177000 | 26 |
| വിവാഹ ധനസഹായം | 60000 | 2 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.07.2021, 3.45 PMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17,015/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം വളരെ യേറെ മെച്ചപ്പെടേണ്ടതുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

(1) ISI സർട്ടിഫിക്കേഷൻ ലഭിച്ച പഞ്ചായത്താണെങ്കിലും (പരിശോധനയ്ക്ക് ലഭ്യമാക്കിയ) 2019-20, 2020-21 വർഷത്തെ വൗച്ചറുകൾ ബൈൻഡ് ചെയ്തു സൂക്ഷിച്ചിട്ടില്ല.

(2) പഞ്ചായത്തിലെ വിവിധ വാങ്ങലുകളുടെ വിതരണ വിവരങ്ങൾ, വിതരണ ബാക്കി എന്നിവ രേഖപ്പെടുത്തുന്നതിന് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പഞ്ചായത്തിലെ ഫർണിച്ചർ, ഇലക്ട്രിക്കൽ ഉപകരണങ്ങൾ, കമ്പ്യൂട്ടർ, റഫറൻസ് ബുക്കുകൾ ഇവയ്ക്കൊന്നും പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തൻവർഷം 372786/- രൂപയ്ക്ക് പഞ്ചായത്ത് കാര്യാലയത്തിലേക്ക് ഫർണിച്ചർ വാങ്ങിയിട്ടുണ്ട്. (പ്രോജക്ട് നം. 137-പഞ്ചായത്ത് ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങൽ 372786 (പൊതു). കമ്പ്യൂട്ടറുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും എ.എം.ഡി എടുക്കൽ (പ്രോജക്ട് നം.67/19) 100198/- രൂപ പ്രകാരം എ.എം.ഡി എടുത്തിട്ടുണ്ടെങ്കിലും കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ എ.എം.ഡി എടുത്ത കമ്പ്യൂട്ടറുകളുടെയോ അനുബന്ധ ഉപകരണങ്ങളുടെയോ വിശദാംശം ലഭ്യമല്ല.

(3) ഇൻകംബൻസി രജിസ്റ്റർ

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഇൻകംബൻസി രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. തന്മൂലം അവരുടെ പൂർണ്ണ വിവരങ്ങൾ ലഭ്യമല്ല.

## 1-10 രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

പഞ്ചായത്തിന്റെ അടിസ്ഥാന രജിസ്റ്ററുകൾ പരിപാലിക്കുന്നതിലെ പോരായ്മകൾ 2019-20 ഓഡിറ്റ് റിപ്പോർട്ട് 1-10-ൽ ചേർത്തിട്ടുള്ളത് നിലവിലും തുടരുന്നു. ആയത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 വസ്തു നികുതി അപാകതകൾ

2020-21 വർഷത്തെ വസ്തു നികുതിയുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

1)റദ്ദാക്കിയ സാംഖ്യ രസീതുകളിലെ തുകകൾ സഞ്ചയയിൽ വരവായി രേഖപ്പെടുത്തുന്നു.

2020-21 വർഷം സംഖ്യ രസീതു പ്രകാരം വസ്തു നികുതി ഇനത്തിൽ പിരിച്ചെടുത്ത തുകകളിൽ താഴെപ്പറയുന്ന റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തതിനാൽ തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| Sl No | Ward No | Door No | Sub No | Owner Details | Receipt ID | Receipt No | Receipt Date | Collection Year | Amount |
|---|---|---|---|---|---|---|---|---|---|
| 1 | 6 | 13 | 1 | എം.എച്ച്.കബീർ | 802229 | 120090101706 | 10/08/2020 | 2020 | 4761 |
| 2 | 12 | 173 | | ശ്രീകുമാരൻ നായർ | 803156 | 120090102411 | 30/09/2020 | 2020 | 1019 |
| 3 | 17 | 21 | | വിജയകുമാർ | 809367 | 120090107908 | 26/02/2021 | 2020 | 383 |
| 4 | 18 | 349 | 1 | മുഹമ്മദ് ഷുക്കൂർ | 812411 | 120090110224 | 31/03/2021 | 2020 | 58 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 01/12.07.2021 ന് മറുപടിയിൽ ഐ.കെ.എം.ന്റെ സഹായത്തോടെ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തത് ഗുരുതരമായ പിഴവാണ്. ഇക്കാരണത്താൽ വസ്തു നികുതി പിരിവ് ഇനത്തിൽ വർദ്ധിച്ച

വരവാണ് സഞ്ചയയിൽ കാണപ്പെടുന്നത്. സഞ്ചയയിലെ മേൽ അപാകങ്ങൾ പരിഹരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

2)വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കി നൽകുന്നതിൽ അപാകത

സ.ഉ.(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചാൽ വിമുക്തഭടന്റെ പെൻഷൻ ബുക്കിൽ/ഡിസ്ചാർജ്ജ് ബുക്കിൽ ഉത്തരവ് നമ്പർ സഹിതം രേഖപ്പെടുത്തൽ നടത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2020-21 വർഷത്തെ മേൽ രേഖകൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. കൂടാതെ ഇളവിന് അർഹരായവരുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.22/22.07.2021ന് ലഭിച്ച മറുപടിയിൽ ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരം വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുന്നവരുടെ അർഹത പരിശോധിച്ച് ഇളവിന് അർഹതയുള്ളവരുടെ രേഖകൾ വാങ്ങി സൂക്ഷിക്കാനും രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്താനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിന്റെ തനതു വരുമാനത്തിന്റെ പ്രധാന സ്രോതസ്സായ വസ്തുനികുതിയിനത്തിൽ ശോഷണം ഒഴിവാക്കുന്നതിനായി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും അപാകങ്ങൾ പരിഹരിക്കേണ്ടതുമാണ്.

## 1-12 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകങ്ങൾ

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി).നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ.നം.674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരം മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ വിവിധ തട്ടുകളായി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ ലൈസൻസിനായി സമർപ്പിച്ച എല്ലാ അപേക്ഷകളോടൊപ്പവും അപേക്ഷയുടെ അന്വേഷണ റിപ്പോർട്ടിലും മേൽ വിവരങ്ങൾ ഉൾപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീ ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ്, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തി.

1)ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റ് ലഭ്യമാക്കാത്തതിനാൽ പഞ്ചായത്തിൽ നിലവിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ യഥാസമയം ലൈസൻസ് പുതുക്കുന്നുണ്ടോയെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2)ലൈസൻസ് പുതുക്കി നൽകിയിട്ടില്ല

2019-20 വർഷത്തെ ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെട്ട 2,9,15,18 എന്നീ വാർഡുകളിലെ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് 2020-21 വർഷം ലൈസൻസ് നൽകിയിട്ടില്ല.

| ക്രമ നം | വാർഡ് നം | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|
| 1 | 2/162(2,3) | നൗഫൽ എം | മദീന എംസാന്റ് |
| 2 | 2/159 | എ രവീന്ദ്രൻ നായർ | ആർ.എസ്.സ്റ്റോർ |
| 3 | 2/331 | ശ്രീജിത്ത് എസ് | മഹാവിഷ്ണു എഞ്ചിനീയറിംഗ് വർക്സ് |
| 4 | 2/387 | രാജീവ് ജി. | എം.ആർ. ഏജൻസിസ് |
| 5 | 2/225 | ശ്രീകുമാർ ആർ. | എ.എസ്.പ്രൊഡക്ഷൻ യൂണിറ്റ് |
| 6 | 2/307 | മുകുന്ദൻ പി.ആർ. | പുസ്തക വില്പന |
| 7 | 9/1611 | ബിജു എം.ആർ. | ഗുരുകൃപ ടയർ റിപ്പയറിങ് |
| 8 | 9/128(2) | മോഹനൻ ആർ. | മോഹനൻ സ്റ്റോർസ് |
| 9 | 9/238(1) | പ്രദീപ്കുമാർ സി. | അച്ചൂസ് പൗൾട്ടറി ഫാം |
| 10 | 9/354(1) | ഷംനാദ് എ. | സൺ അലുമിനിയം |
| 11 | 9/178(1) | മയൂരനാഥൻ കെ. | ശബരി ട്രേഡേഴ്സ് |
| 12 | 15/415 | ജുവൈരിയ | ഫാസ്റ്റ് ഫുഡ് പ്രോഡക്ട്സ് |
| 13 | 18/465 | ബിജുകുമാർ എസ്. | ടി ഷോപ്പ് |
| 14 | 18/220 | ദിവാകരൻ | ടി ഷോപ്പ് |
| 15 | 18/13 | ഹസീന ബീവി | പൗൾട്ടറി ഫാം |

പ്രസ്തുത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതാണോ അല്ലയോ എന്നതും ലൈസൻസ് എടുക്കാത്തതിനും കാരണം വ്യക്തമാക്കുന്നതിനായി മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.43/30.07.2021ന് മറുപടിയിൽ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതും വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്നതിനായി ലൈസൻസ് ഫീസിന്റെ നിർണ്ണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. കൂടാതെ പഞ്ചായത്ത് പരിധിയിയിൽ നിയമവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-13 തൊഴിൽ നികുതി - അപാകങ്ങൾ

2020-21 വർഷത്തെ തൊഴിൽ നികുതിയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)റേഷൻകടകൾ ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് 2020-21 വർഷത്തേയ്ക്ക് FACTEOS ലൈസൻസ് അനുവദിച്ചുനൽകിയിട്ടില്ല. കൂടാതെ റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 15/20.07.2021 ന് മറുപടിയിൽ പരിശോധിച്ച് തുടർ നടപികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് റേഷൻ കടകൾക്ക് ലൈസൻസ് നൽകുന്നതിനും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം 2020-21 വർഷം ഗ്രാമപഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. പ്രസ്തുത കരാറുകൾ പഞ്ചായത്തിന്റെ പരിധിയിൽ 60 ദിവസത്തിൽ കൂടുതൽ പ്രവൃത്തി ചെയ്തിട്ടുള്ളതും മറ്റ് പഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കിയിട്ടില്ലാത്തതുമാണോ എന്ന് ഉറപ്പ് വരുത്തേണ്ടതും തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ.15/20.07.2021 ന് ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-14 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 266, 1999ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം3(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ പഞ്ചായത്ത് പരിധിക്കുള്ളിൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടില്ല. ഒരു സ്ഥാപനം പ്രവർത്തിക്കുന്നതിന് മുൻപുതന്നെ രജിസ്ട്രേഷനുള്ള അപേക്ഷയും ചട്ടം 3(2) പ്രകാരമുള്ള രജിസ്ട്രേഷൻ ഫീസും പഞ്ചായത്തിൽ ഒടുക്കേണ്ടതും, ചട്ടം3(3) പ്രകാരം പഞ്ചായത്ത് ഉദ്യോഗസ്ഥർ കെട്ടിടത്തിന്റെ സൗകര്യങ്ങൾ പരിശോധിച്ച് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെയാണ് പ്രവർത്തിച്ച് വരുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.15/20.07.2021ന് ലഭിച്ച മറുപടിയിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ എടുക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. രജിസ്ട്രേഷനില്ലാതെ ചട്ടവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ ജാഗ്രതക്കുറവിനെയാണ് സൂചിപ്പിക്കുന്നത്. ഇത്തരത്തിലുള്ള ചട്ട ലംഘനം റിപ്പോർട്ട് ചെയ്യുന്നതിനും തടയുന്നതിനുമുള്ള സംവിധാനമൊരുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 വളർത്തു നായ്ക്കൾക്ക് ലൈസൻസ് നൽകുന്നതിൽ അപാകത

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254, കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ യാതൊരാളും നായ്ക്കളെ വളർത്താൻ പാടില്ല. എന്നാൽ 2020-21 വർഷം ഗ്രാമപഞ്ചായത്തിൽ നിന്നും 8 വളർത്തു നായകൾക്ക് മാത്രമേ ലൈസൻസ് നൽകിയിട്ടുള്ളൂ.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 15/20.07.2021 ന് ലഭ്യമാക്കിയ മറുപടിയിൽ ലൈസൻസ് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. വാക്സിനേഷൻ നൽകിയ വളർത്തുനായ്ക്കളുടെ വിവരം വെറ്ററിനറി ആശുപത്രിയിൽ നിന്നും ശേഖരിച്ച് വളർത്ത് നായ്ക്കൾക്ക് ലൈസൻസ് അനുവദിക്കുന്നതിന് നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

## 1-16 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

ഗ്രാമപഞ്ചായത്തിലെ 2020-21 സാമ്പത്തിക വർഷത്തെ ഔട്ട്ഡോർ കളക്ഷൻ രജിസ്റ്ററും രസീത് ബുക്കുകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. രസീതുകൾ ക്യാൻസൽ ചെയ്യുന്നതിന്റെ കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല

2. തുക ഒടുക്കുന്നതിനു മുമ്പായി കളക്ഷൻ രജിസ്റ്റർ ഡെയിലി വെരിഫിക്കേഷൻ നടത്തി സാക്ഷ്യപ്പെടുത്തുന്നില്ല.

3. രസീത് ബുക്കുകളിൽ Certificate Of Count രേഖപ്പെടുത്തിയിട്ടില്ല

4. ക്യാൻസൽ ചെയ്ത രസീതുകളുടെ വിശദാംശം കളക്ഷൻ രജിസ്റ്ററിൽ എഴുതി ചേർക്കുന്നില്ല.

5. രസീതുകളിൽ പഞ്ചായത്തിന്റെ ഓഫീസ് സീൽ പതിപ്പിക്കുന്നില്ല.

6. രസീതുകളിൽ ലൈബ്രറി സെസ്, വസ്തു നികുതി ഉൾപ്പെടെയുള്ള ഇനങ്ങളുടെ തരം തിരിവ് കൃത്യമായി രേഖപ്പെടുത്തുന്നില്ല. ആയതിനാൽ ലൈബ്രറി സെസ്സ് കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല. ഉദാഹരണം ചുവടെ
1) 13507/61 Dtd.11.02.2021 രസീതിൽ ലൈബ്രറി സെസ് 53 പകരം 33 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്

2) 2020-21 വർഷം ഉപയോഗിച്ച എല്ലാ രസീതുകളിലും തീയതി രേഖപ്പെടുത്തിയിട്ടില്ല.

3) 2020-21 വർഷം ഉപയോഗിക്കാതെ അവശേഷിച്ച രസീതുകൾ ക്യാൻസൽ ചെയ്തിട്ടില്ല .

ഉദാഹരണം :13516/68 Date 9/3/21 തുക 33/-

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 37/27.07.2021ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രസീതുകളിലെ മേൽ അപാകങ്ങൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 എസ്.എസ്.എ ഫണ്ട് വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്

HM,GUPS കല്ലൂർ നടപ്പിലാക്കിയ പ്രോജക്റ്റ് നം 101/20-21ൽ എസ്.എസ്.എ വിഹിതമായി 18,21,887/- രൂപ അടവാക്കിയിട്ടുണ്ട്. എന്നാൽ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.ആയത് ഹാജരാക്കുന്നതിനായി 27.7.2021ൽ ഓഡിറ്റ് അന്വേഷണം-36 നൽകിയിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-18 പർച്ചേസ്/പ്രവൃത്തികളിലെ അപാകത-42189/- രൂപയുടെ ചെലവ് വിശദീകരിക്കേണ്ടതാണ്.

ഹെഡ്മാസ്റ്റർ, ജി.യു.പി.എസ്, കല്ലൂർ നടപ്പിലാക്കിയ പ്രോജക്റ്റ് നം 118/20-21ൽ ജി.യു.പി.എസ്, കല്ലൂരിലേക്ക് നടത്തിയ പർച്ചേസ്/പ്രവൃത്തികളിൽ ചുവടെ പറയുന്ന അപാകതകൾ കാണുന്നു.

(A).ബിൽ നം. 1059/25.3.21- 4994/-

ബിൽ നം. 1055/24.3.21- 4997/-

ബിൽ നം. 1004/8.3.21- 4998/-

ബിൽ നം. 1030/17.3.21- 4950/-

ആകെ 19939/-

മേൽ പറഞ്ഞ ബില്ലുകളിൽ കൂടി H.S Traders, വാവറയമ്പലം എന്ന സ്ഥാപനത്തിന് 19939/-രൂപയും കൂലി ഇനത്തിൽ ടി സ്ഥാപനത്തിന് 9500/-രൂപയും (10.3.21, 13.3.21 തീയതികളിലെ കൈപ്പറ്റ് രസീത്) ഉൾപ്പെടെ ആകെ 29439/- രൂപ നൽകിയിട്ടുണ്ട്. ഇലക്ട്രിക്കൽ, പ്ലംബിംഗ് വർക്കുകൾ നടത്തിയതിനാണ് ടി തുക നൽകിയിരിക്കുന്നത്.

ടി പ്രവൃത്തിയിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

I. 15000/- രൂപക്ക് മുകളിൽ വരുന്ന പർച്ചേസുകൾക്ക് സ്റ്റോർ പർച്ചേസ് മാന്വൽ ഖ7.6, 7.31 പ്രകാരം ക്വട്ടേഷൻ ക്ഷണിക്കേണ്ടതാണ്.അപ്രകാരം ചെയ്തിട്ടില്ല.

Ii.ഒരേ ആവശ്യങ്ങൾക്കായുള്ള പർച്ചേസുകളിൽ ക്വട്ടേഷൻ ഒഴിവാക്കുന്നതിനായി ചെറിയ ബില്ലുകളിൽ പർച്ചേസ് നടത്തി. സ്റ്റോർ പർച്ചേസ് മാന്വൽ ഖ7.2 പാലിച്ചില്ല.

Iii. പ്രവൃത്തിയുടെ ആവശ്യകത, ചെയ്ത പ്രവർത്തിയുടെ വിവരങ്ങൾ എന്നിവ ലഭ്യമല്ല. ബന്ധപ്പെട്ട കമ്മിറ്റിയുടെ അനുവാദം ലഭിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

Iv. വാങ്ങിയ സാധനങ്ങൾ ഗുണനിലവാരമുള്ളതാണെന്നും പ്രവൃത്തി തൃപ്തികരമാം വിധം നിർവ്വഹിച്ചിട്ടുണ്ടെന്നും ആരും സാക്ഷ്യപ്പെടുത്തിയിട്ടില്ല.

V. H.S Traders, വാവറയമ്പലം എന്ന സ്ഥാപനത്തിന്റെ ബില്ലിൽ GST സംബന്ധ വിവരങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ടി ബില്ലിന്റെ ആധികാരിക വ്യക്തമാക്കാൻ കഴിഞ്ഞിട്ടില്ല.

(B).ബിൽ നം. Dnet.16758/20-21,30.3.21- 4950 (Printer)

ബിൽ നം. Dnet.16759/20-21,30.3.21- 4600 (Toner Catridge)

ബിൽ നം. Dnet.16760/20-21,30.3.21- 3200 (UPS)

12750/-

മേൽ പറഞ്ഞ പർച്ചേസുകൾ Dnet Software Systems, കഴക്കൂട്ടം എന്ന സ്ഥാപനത്തിൽ നിന്നാണ് നടത്തിയിട്ടുള്ളത്. സർക്കുലർ ഐറ്റിസെൽ-1/26/2019/വി.സ.വ Dated 18/03/2019 പ്രകാരം സർക്കാർ ആവിഷ്കരിച്ചിട്ടുള്ള സെൻട്രലൈസ്ഡ് പ്രൊർക്യുയർമെന്റ് സംവിധാനമായ Cprcs മുഖേന മാത്രമെ ഐറ്റി ഉപകരണങ്ങൾ വാങ്ങാവൂ എന്നിരിക്കെ സ്വകാര്യ സ്ഥാപനത്തിൽ നിന്നും ടി വാങ്ങൽ നടത്തിയതിന് കാരണം.

ടി വിഷയങ്ങളിൻ മേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 27.7.2021ൽ ഓഡിറ്റ് അന്വേഷണം-36 നൽകിയിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സാഹചര്യത്തിൽ ക്രമനം. (A),(B)എന്നീ ഇനങ്ങളിൽ നടത്തിയ 42,189/- രൂപയുടെ ചെലവ് ഓഡിറ്റ് തടസപ്പെടുത്തുന്നു. വ്യക്തമായ മറുപടി നൽകി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

## 1-19 പർച്ചേസ്/പ്രവൃത്തികളിലെ അപാകത-26,622/-രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

പ്രോജക്റ്റ് നം 118/20-21,ൽ ജി എൽ പി എസ്, മണലകത്തിലേക്ക് നടത്തിയ പർച്ചേസ്/പ്രവൃത്തികളിൽ ചുവടെ പറയുന്ന അപാകതകൾ കാണുന്നു.

(A) ബിൽ നം. 3146/21.1.21 Arun Electricals - 4411-

Labour- 1250-

ബിൽ നം. 1067/29.3.21 HS Traders- 4995-

ബിൽ നം. 1049/22.3.21 HS Traders- 4990-

ബിൽ നം. 1071/31.3.21 HS Traders- 1826-

Labour-HS Traders- 4750-

ആകെ 22222/-

ഇപ്രകാരം 1/21 മുതൽ 3/21 വരെ കാലയളവിൽ 22222/-രൂപയുടെ Electric Plumbing പ്രവൃത്തികൾ നടത്തിയതായി കാണുന്നു.

I. പ്രവൃത്തിയുടെ ആവശ്യകത, ചെയ്ത പ്രവൃത്തിയുടെ വിവരങ്ങൾ എന്നിവ ലഭ്യമല്ല. ബന്ധപ്പെട്ട കമ്മിറ്റിയുടെ അനുവാദം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

Ii. വാങ്ങിയ സാധനങ്ങൾ ഗുണനിലവാരമുള്ളതാണെന്നും പ്രവൃത്തി തൃപ്തികരമാം വിധം നിർവ്വഹിച്ചിട്ടുണ്ടെന്നും ആരും സാക്ഷ്യപ്പെടുത്തിയിട്ടില്ല.

Iii. H.S. Traders, വാവറയമ്പലം എന്ന സ്ഥാപനത്തിന്റെ ബില്ലിൽ GST സംബന്ധ വിവരങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ടി ബില്ലിന്റെ ആധികാരിക ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

(B) Av Metal Magic എന്ന സ്ഥാപനത്തിന് ബിൽ നം 538/30.3.21 പ്രകാരം 4400/- രൂപ (മെറ്റൽ ഡോർ ഫിറ്റിംഗ് ചാർജ് ഉൾപ്പെടെ) നൽകിയിട്ടുണ്ട്. ടി മെറ്റൽ ഡോർ എന്താവശ്യത്തിനാണ് വാങ്ങിയത്, അത് എവിടെ സ്ഥാപിച്ചു എന്നുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.

ടി വിഷയങ്ങളിൻ മേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 27.7.2021ൽ ഓഡിറ്റ് അന്വേഷണം-36 നൽകിയിരുന്ന വെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സാഹചര്യത്തിൽ ക്രമ നം. (A), (B)എന്നീ ഇനങ്ങളിൽ നടത്തിയ 26,622/- രൂപയുടെ ചെലവ് ഓഡിറ്റ് തടസപ്പെടുത്തുന്നു. വ്യക്തമായ മറുപടി നൽകി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-20 ചെലവ് രേഖകൾ ഹാജരാക്കിയില്ല-16,599/- രൂപയുടെ ചെലവ് തടസപ്പെപ്പെടുത്തുന്നു

എച്ച് എം, ജി.യു.പി.എസ്, കല്ലൂർ നടപ്പിലാക്കിയ പ്രോജക്റ്റ് നം. 118/20-21ൽ ആകെ ചെലവഴിച്ച 2,00,000/- രൂപയിൽ 1,83,401/-രൂപയുടെ ചെലവു രേഖകളാണ് പരിശോധനക്ക് ഹാജരാക്കിയത്. ശേഷിക്കുന്ന 16,599/- രൂപയുടെ ചെലവു രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കുന്നതിനായി 27.7.2021 ൽ ഓഡിറ്റ് അന്വേഷണം-36 നൽകിയിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സാഹചര്യത്തിൽ 16,599/-രൂപയുടെ ചെലവ് ഓഡിറ്റ് തടസപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2020-21ൽ നടപ്പിലാക്കിയ വിവിധ പ്രോജക്റ്റ്കളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

A. പ്രോജക്റ്റ് നം.158/20-21 (2019-20 ലെ പ്രോജക്റ്റ് നം.113/19-20)

പ്രോജക്ടിന്റെ പേര് - ഒന്നാം വാർഡ് മണലകം വീട് മെയിന്റനൻസ്

2019-20 ലെ ചെലവ്- 6,50,000/-രൂപ

2020-21 ലെ ചെലവ്- 2,50,000/-രൂപ

ടി പ്രോജക്ടിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | ഉത്തരവ് നം. | ആകെ അനുവദിച്ച തുക | അപാകത |
|---|---|---|---|---|
| 1 | ബീനാകുമാരി | 207/16.12.2019 | 50,000 | വാല്യേഷൻ സർട്ടിഫിക്കറ്റ് 16.3.2020ൽ സമർപ്പിച്ചിട്ടും രണ്ടാം ഗഡുവായ 50,000/- രൂപ നൽകിയിട്ടില്ല. |
| 2 | ചന്ദ്രിക | 207/16.12.2019 | 50,000 | വാല്യേഷൻ സർട്ടിഫിക്കറ്റ് 16.3.2020ൽ സമർപ്പിച്ചിട്ടും രണ്ടാം ഗഡുവായ 50,000/- രൂപ നൽകിയിട്ടില്ല. |
| 3 | സത്യവ്രതൻ | 207/16.12.2019<br>13/11.4.2020 | 1,00,000 | വാല്യേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കാതെ രണ്ടാം ഗഡുവായ 50,000/- രൂപ നൽകി. |
| 4 | ചന്ദ്രലേഖ | 207/16.12.2019<br>14/11.4.2020 | 1,00,000 | വാല്യേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കാതെ രണ്ടാം ഗഡുവായ 50,000/- രൂപ നൽകി. |
| 5 | രജനി & സുജികുമാർ | 207/16.12.2019<br>Bill No.7/Veo/20-21<br>(18.6.2020) | 1,00,000 | വാല്യേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കാതെ രണ്ടാം ഗഡുവായ 50,000/- രൂപ നൽകി. |
| 6 | സിന്ധു | 13/11.4.2020<br>Bill No.7/Veo/20-21<br>(18.6.2020) | 1,00,000 | വാല്യേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കാതെ രണ്ടാം ഗഡുവായ 50,000/- രൂപ നൽകി. |
| 7 | ശോഭന & ഗോപി | 207/16.12.2019 | 50,000 | വാല്യേഷൻ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ല. രണ്ടാം ഗഡുവായ 50,000/- രൂപ നൽകിയിട്ടില്ല. |

ക്രമ നം.7ലെ വ്യക്തികൾ 16.12.2019 ൽ ആദ്യ ഗഡു കൈപ്പറ്റിയതിനു ശേഷം ഇതുവരെയും വാല്യേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കി രണ്ടാം ഗഡു കൈപ്പറ്റിയിട്ടില്ല. ആയതിനാൽ ടിയാൻമാർ കൈപ്പറ്റിയ തുകയ്ക്ക് ജോലി നടത്തിയിട്ടുണ്ടോ എന്നുള്ള വിവരവും, ആയതിന്റെ തൽസ്ഥിതിയും, ജോലി ചെയ്തിട്ടില്ലെങ്കിൽ അനുവദിച്ച തുക കരാർ പ്രകാരം തിരികെ ഈടാക്കുന്നതിനു സ്വീകരിച്ച നടപടികളും വിശദമാക്കുന്നതിനായി 29/07/2021 ഓഡിറ്റ് അന്വേഷണം-42 നൽകിയിരുന്നു. ആയതിന് വി.ഇ.ഒ സർക്കിൾ-2 30.7.2021 നൽകിയ മറുപടിയിൽ, ക്രമ നം 1,2,7 എന്നിവർക്ക് നൽകേണ്ട ബിൽ തെറ്റായ ഫിനാൻഷ്യൽ ഇയറിൽ ട്രഷറിയിൽ പ്രോസസ് ചെയ്തതു കാരണം സാംഖ്യ സോഫ്റ്റ് വെയറിൽ നിന്നും തുക കുറവു വരികയും എന്നാൽ അത് ഗുണഭോക്താക്കളുടെ അക്കൌണ്ടിൽ ക്രെഡിറ്റ് ആകാതിരിക്കുകയും ചെയ്തു. ടി അപാകത പരിഹരിക്കുന്നതിനായി സബ്ട്രഷറി, ജില്ലാ ട്രഷറി എന്നിവിടങ്ങളിൽ ബന്ധപ്പെട്ടെങ്കിലും പരിഹരിക്കാത്തതിനാൽ, സർക്കാറിലേക്ക് കത്തയക്കുകയും നിലവിൽ അത് ധനകാര്യ വകുപ്പിന്റെ പരിഗണനയിലും, അലോട്ട്മെന്റ് ലഭിക്കുന്ന മുറക്ക് ക്രമ നം. 1,2,7 ഉള്ളവർക്ക് അപാകതകൾ പരിഹരിച്ച് തുക നൽകാൻ കഴിയും എന്നുമാണ് അറിയിച്ചിട്ടുള്ളത്. ക്രമ നം 3,4,5,6ലെ ആപാകതകൾ (വാല്യേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കാതെ രണ്ടാം ഗഡുവായ 50,000/- രൂപ നൽകിയത്) സംബന്ധിച്ച വിവരം, ടി കാലയളവിൽ ചുമതല വഹിക്കുകയും, തുക കൈമാറുകയും ചെയ്ത വി.ഇ.ഒയെ അറിയിച്ചിട്ടുണ്ടെന്നാണ്.

പ്രസ്തുത അപാകതകൾ അടിയന്തിരമായി പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

B. പ്രോജക്റ്റ് നം.157/20-21 (2019-20 ലെ പ്രോജക്റ്റ് നം.110/19-20)

പ്രോജക്റ്റിന്റെ പേര് - ലക്ഷം വീട് പുനരുദ്ധാരണം (ജനറൽ)

2019-20 ലെ ചെലവ്- 4,70,000/-രൂപ

2020-21 ലെ ചെലവ്- 12,80,000/-രൂപ

ടി പ്രോജക്ടിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | തുക അനുവദിച്ച ഉത്തരവ്/ബിൽ നം. | ആകെ അനുവദിച്ച തുക | അപാകത |
|---|---|---|---|---|
| 1 | പാത്തുമ്മ ബീവി, | 209/16.12.2019 | 40,000 | വാല്യേഷൻ സർട്ടിഫിക്കറ്റ് |

| | | | | |
|---|---|---|---|---|
| | പാലോട്ട്കോണം, പുലിവീട് | 8/Veo/20-21<br>11/Veo/20-21<br>12/Veo/20-21 | 10,000<br>40,000<br>10,000<br>1,00,000 | സമർപ്പിക്കാതെ മുഴുവൻ തുകയും നൽകി. |
| 2 | രാധാ, പാലോട്ട്കോണം, പുലിവീട് | 8/Veo/20-21<br>11/Veo/20-21<br>12/Veo/20-21<br>5/Veo/20-21 | 10,000<br>40,000<br>10,000<br>40,000<br>1,00,000 | വാല്യേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കാതെ മുഴുവൻ തുകയും നൽകി. |
| 3 | എൽസി, പാലോട്ട്കോണം, പുലിവീട് | 209/16.12.2019<br>8/Veo/20-21 | 40,000<br>10,000<br>50,000 | വാല്യേഷൻ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ല. |

ക്രമ നം. 3ലെ വ്യക്തി ആദ്യ രണ്ട് ഗഡുക്കൾ കൈപ്പറ്റിയതിന ശേഷം ഇതുവരെയും വാല്യേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കി മുഴുവൻ തുകയും കൈപ്പറ്റിയിട്ടില്ല. ആയതിനാൽ ടിയാൻ കൈപ്പറ്റിയ തുകയ്ക്ക് പ്രവർത്തി നടത്തിയിട്ടുണ്ടോ എന്നുള്ള വിവരവും, ആയതിന്റെ തൽസ്ഥിതിയും, ജോലി ചെയ്തിട്ടില്ലെങ്കിൽ അനുവദിച്ച തുക കരാർ പ്രകാരം തിരികെ ഈടാക്കുന്നതിന സ്വീകരിച്ച നടപടികളും വിശദമാക്കുന്നതിനായി 30/07/2021 ഓഡിറ്റ് അന്വേഷണം-46 നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത്തരത്തിലെ അപാകതകളുള്ള കാരണവും ആയവ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

C.പ്രോജക്റ്റ് നം.152/20-21 (2019-20 ലെ പ്രോജക്റ്റ് നം.82/19-20)

പ്രോജക്റ്റിന്റെ പേര് - വീട് വാസയോഗ്യമാക്കൽ ( എസ്.സി)

2019-20 ലെ ചെലവ്- 10,50,000/-രൂപ

2020-21 ലെ ചെലവ്- 4,50,000/-രൂപ

ടി പ്രോജക്റ്റിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | തുക അനുവദിച്ച ഉത്തരവ്/ ബിൽ നം. | ആകെ അനുവദിച്ച തുക | വാല്യേഷൻ സർട്ടിഫിക്കറ്റ് സമർപ്പിച്ച തീയതി | അപാകത |
|---|---|---|---|---|---|
| 1 | മധു & ജിജി, ശ്രീനിലയം, തെറ്റിച്ചിറ | 177/12.11.19 | 50,000 | 10.1.2020 | വാല്യേഷൻ സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകേണ്ട അപേക്ഷയും മോണിറ്ററിംഗ് റിപ്പോർട്ടിൽ 50,000-രൂപ വീതമുള്ള രണ്ട് ഗഡുക്കളായി ഒരു ലക്ഷം രൂപ അനുവദിച്ചിരിക്കുന്നതായി നിർവ്വഹണ ഉദ്യോഗസ്ഥന്റെ നടപടിക്രമം എന്ന ഭാഗത്ത് VEO സാക്ഷ്യപ്പെടുത്തിയി ട്ടുണ്ട്. അതിന താഴെ രസീത്എന്ന ഭാഗത്ത് രണ്ട് ഗഡുക്കളായി ഒരു ലക്ഷം രൂപ (50,000 X 2) കൈപ്പറ്റിയിരിക്കുന്നതായും ഗുണഭോക്താവ് റവന്യൂ സ്റ്റാമ്പിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. |
| 2 | കുഞ്ഞി, കുന്നിൽവീട്, ഗാന്ധിനഗർ | 211/16.12.19 | 50,000 | 4.3.2020 | “ |
| 3 | ശാന്ത,കാവടി വാരത്ത് വീട് | 211/16.12.19 | 50,000 | 3.3.2020 | “ |
| 4 | ഇമ്പവല്ലി, ചെന്ദംമല വീട്, മഞ്ഞമല | 168/18.11.19 | 50,000 | 3.3.2020 | “ |
| 5 | അനിൽകുമാർ & തുളസി | 168/18.11.19 | 50,000 | 5.3.2020 | “ |

| | | | | | | |
|---|---|---|---|---|---|---|
| 6 | സുനിത, മോട്ടൂർക്കോണത്ത് വീട്, കാട്ടായിക്കോണം | 168/18.11.19 | 50,000 | 4.3.2020 | | " |

മേൽപറഞ്ഞ വ്യക്തികൾ ആദ്യ ഗഡു കൈപ്പറ്റിയതിന ശേഷം വാല്യേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടും മുഴുവൻ തുകയും നൽകാത്തതിന കാരണവും, ക്രമ നം 6ൽ പ്രതിപാദിക്കുന്ന അപാകതക്കുള്ള കാരണവും, അൻപതിനായിരം രൂപ അനുവദിച്ചതിന ശേഷം ഒരു ലക്ഷം രൂപയുടെ കൈപ്പറ്റ് വാങ്ങിയതിനുള്ള കാരണവും വിശദമാക്കുന്നതിനായി 30/07/2021 ഓഡിറ്റ് അന്വേഷണം-45 നൽകിയിരുന്നു. ആയതിന് ലഭ്യമാക്കിയ മറുപടിയിൽ 2019-20 ൽ 7.3.2020ൽ, ബിൽ ഇ-സബ്മിറ്റ് ചെയ്തിരുന്നതായും, തുടർന്ന് ടി ബില്ല് ക്യൂ ബില്ലിൽ ആവുകയും തുടർന്ന് 21.4.2020ൽ ബിൽ പാസായതായി ബിൽ ബുക്കിൽ രേഖപ്പെടുത്തുകയും ചെയ്തു. എന്നാൽ തുക ഗുണഭോക്താക്കളുടെ അക്കൌണ്ടിൽ ക്രെഡിറ്റ് ആവുകയും ചെയ്തിട്ടില്ല. തെറ്റായി അലോട്ട്മെന്റ് പാസാക്കിയതുമൂലം നിലവിൽ അലോട്ട്മെന്റ് ഇല്ലാത്തതിനാലാണ് ടി ബില്ല് ക്യാൻസൽ ചെയ്യാൻ പറ്റാത്തതെന്നും സർക്കാർ പുതിയ അലോട്ട്മെന്റ് നൽകിയാലെ ഈ പ്രശ്നം പരിഹരിക്കുവാൻ കഴിയു എന്നതിനാൽ തദ്ദേശ ഭരണ വകുപ്പ് വഴി കത്ത് ധനകാര്യ വകുപ്പിന് നൽകുകയും നിലവിൽ ഇത് ധനകാര്യ വകുപ്പിന്റെ പരിഗണനയിലുമാണ് എന്നാണ്. ടി വിഷയത്തിൻ മേൽ നിരന്തരം കത്തിടപാടുകൾ നടന്നു വരികയാണ്. മോണിറ്ററിംഗ് ഫോറത്തിലെ അപാകതയും പരിഹരിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 സമയ ബന്ധിതമായി മരുന്നുകൾ ലഭ്യമാകുന്നില്ല-നടപടികൾ സ്വീകരിക്കേണ്ടതാണ്

മെഡിക്കൽ ഓഫീസർ (ആയുർവേദം) നടപ്പിലാക്കിയ വിവിധ മരുന്നു വാങ്ങൽ പ്രോജക്ടുകളിൽ സമയ ബന്ധിതമായി മരുന്നുകൾ ലഭ്യമാക്കുന്നതായി കാണുന്നില്ല.

A. പ്രോജക്റ്റ് നം 30/20-21

Sanction Order 244/12.1.21 പ്രകാരം ഔഷധിക്ക് ഏഴ് ലക്ഷം രൂപ നൽകുകയും ഔഷധി അത് കൈപ്പറ്റിയതായി അറിയിക്കുകയും ചെയ്തിട്ടുണ്ട്. 29.6.21 വരെ 5,32,764/-രൂപയുടെ മരുന്ന് ലഭിച്ചിട്ടുണ്ട്. എന്നാൽ 1,67,236-രൂപയുടെ മരുന്ന് ഇനിയും ലഭ്യമായതായി കാണുന്നില്ല.

B. പ്രോജക്റ്റ് നം 47/20-21

Sanction Order 194/3.11.20 പ്രകാരം ഔഷധിക്ക് നാല് ലക്ഷം രൂപ നൽകുകയും ഔഷധി അത് കൈപ്പറ്റിയതായി അറിയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 64,837-രൂപയുടെ മരുന്ന് ഇനിയും ലഭ്യമായതായി കാണുന്നില്ല.

ടി കാലതാമസത്തിന കാരണം വ്യക്തമാക്കുന്നതിനായി 27.7.2021ൽ ഓഡിറ്റ് അന്വേഷണം-39 നൽകിയിരുന്നു. ആയതിന് 29.7.21 ന് നൽകിയ മറുപടിയിൽ, അസംസ്കൃത വസ്തുക്കളുടെ ദൌർലഭ്യം മൂലമാണ് മരുന്നു ലഭ്യമാകുന്നതിന കാലതാമസം നേരിടുന്നത് എന്ന് ഔഷധി അറിയിച്ചുവെന്നും, നിരന്തരം ബന്ധപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രോജക്റ്റ് നം 30/20-21 ൽ 18266 /-രൂപയുടെയും, പ്രോജക്റ്റ് നം 47/20-21 ൽ 9650/- രൂപയുടെയും മരുന്നുകൾ കൂടി ലഭ്യമായിട്ടുണ്ടെന്നാണ്. ലഭ്യമാകാനുള്ള ബാക്കി മരുന്നുകൾ കൂടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 1-23 സമയ ബന്ധിതമായി മരുന്നുകൾ ലഭ്യമാകുന്നില്ല-നടപടികൾ സ്വീകരിക്കേണ്ടതാണ്

മെഡിക്കൽ ഓഫീസർ (ഹോമിയോ) നടപ്പിലാക്കിയ വിവിധ മരുന്നു വാങ്ങൽ പ്രോജക്ടുകളിൽ സമയ ബന്ധിതമായി മരുന്നുകൾ ലഭ്യമാക്കുന്നതായി കാണുന്നില്ല.

A. പ്രോജക്റ്റ് നം 27 /20-21

Sanction Order 132/7.8.20പ്രകാരം HOMCO ക്ക് രണ്ട് ലക്ഷം രൂപ നൽകുകയും HOMCO അത് 14.9.20 ന് കൈപ്പറ്റിയതായി അറിയിക്കുകയും ചെയ്തിട്ടുണ്ട്. 5.4.21 ന് 1,13,896/- രൂപയുടെ മരുന്ന് ലഭിച്ചിട്ടുണ്ട്. എന്നാൽ 86,104 രൂപയുടെ മരുന്ന് ഇനിയും ലഭ്യമായതായി കാണുന്നില്ല.

B. പ്രോജക്റ്റ് നം 30/20-21

Sanction Order 134/7.8.20 പ്രകാരം HOMCO ക്ക് ഒരു 1,25,000 രൂപ നൽകുകയും HOMCO അത് 14.9.20 ന് കൈപ്പറ്റിയതായി അറിയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ മരുന്ന് ഇനിയും ലഭ്യമായതായി കാണുന്നില്ല.

ടി കാലതാമസത്തിന കാരണം വ്യക്തമാക്കുന്നതിനായി 27.7.2021ൽ ഓഡിറ്റ് അന്വേഷണം-35 നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ടി കാലതാമസത്തിന കാരണവും മരുന്നു ലഭ്യമാകുന്നതിന സ്വീകരിച്ച നടപടികളും വ്യക്തമാക്കേണ്ടതാണ്.

## 1-24 അംഗനവാടി പോഷകാഹാര പദ്ധതി - 157074രൂ രൂപതടസ്സത്തിൽ വയ്ക്കുന്നു

2020-21 സാമ്പത്തികവർഷം അനുപൂരക പോഷകപദ്ധതി പ്രകാരം ചുവടെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

പ്രോജക്റ്റ് നം. S0023/21അംഗനവാടി പോഷകാഹാരം

ആകെ അടങ്കൽ :268097

(വി.ഫ-ജനറൽ 15,00,000+കേന്ദ്ര വിഹിതം 1180976)

ചെലവ് : 2318864 (1264021+1054843)

നിർവഹണം : ഐ.സി.ഡി.എസ് സൂപ്പർവൈസർ

സ്റ്റാന്റിംഗ് കമ്മിറ്റി : ക്ഷേമകാര്യം

| ബിൽനം/ചെക്ക് നം, തീയതി | തുക |
|---|---|
| 6/2020-21, 24.7.2020 | 126650(വി.ഫ) |
| 5/2020-21, 25.06.2020 | 712869(വി.ഫ) |
| 8/2020-21, 19.11.2020 | 424502(വി.ഫ) |
| Treassury TSB Cheque No.5997054/8.2.21 | 880976(കേ.വിഹിതം) |
| 5997064/18.3.2021 | 173867(കേ.വിഹിതം) |

ചെലവ് രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു

I) ബിൽ തുക 712869 രൂ (വി.ഫ)

ബിൽനം.: 5/2020-21, 25.6.2020

മേൽ ബിൽ പ്രകാരം മാറിയ തുകയിൽ 591062-രൂപ അയിരൂർപ്പാറ ഫാർമേഴ്സ് സർവ്വീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റിക്കും, 1,21,807 രൂപ R.വിമലാകുമാരി എന്ന വ്യക്തിക്കും അക്കൗണ്ട് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. ഇതിൽ വിമലാകുമാരിക്ക് നല്കിയിട്ടുള്ള 1,21,807-രൂപയുടെ ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

Ii) തുക: 1,73,867-രൂപ (Central Fund, Cheque No.5997064/18.3.2021)

പ്രസ്തുത തുകയിൽ അയിരൂർപ്പാറ ഫാർമേഴ്സ് കോ ഓപ്പറേറ്റീവ് സൊസൈറ്റിക്കു നല്കിയ 35267രൂപയുടെ ചെലവിന്റെ വിശദാംശങ്ങൾ/ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

രേഖകളുടെ അഭാവത്തിൽ 157074-രൂപ തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

<u>മറ്റ് അപാകതകൾ</u>

അനുപൂരകപോഷകാഹാര വിതരണ പദ്ധതിയുടെ ഭാഗമായി ലഭിക്കുന്ന ടി.എച്ച്.ആർ.എസ് മിശ്രിതം അടക്കമുള്ള ഭക്ഷ്യവസ്തുക്കൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യുന്നതിനായി ഐ.സി.ഡി.എസ് സൂപ്പർവൈസർ സൂക്ഷിക്കുന്ന സ്റ്റോക്ക് രജിസ്റ്റർകൃത്യമായി പാലിക്കുന്നില്ല. പലമാസങ്ങളിലും സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ സ്ഥാപനങ്ങളിൽ നിന്നുള്ള ഇൻവോയ്സ് നം/തീയതി എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വിതരണക്കാരിൽ നിന്ന് ഇൻവോയ്സ് പ്രകാരമുള്ള മുഴുവൻ സാധനങ്ങളും സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാനായിട്ടില്ല. എന്നാൽ സ്റ്റോക്ക് എന്ട്രി നടത്തിയിട്ടുള്ളവയിൽ പലതിലും അളവുകളിൽ പൊരുത്തക്കേട് നിലനില്ക്കുന്നു. ഉദാഹരണമായി യുവശക്തി-യുവശ്രീ ന്യൂട്രിമിക്സിന്റെ 141/3.7.2020 ഇൻവോയ്സ് പ്രകാരം 1700കിലോഗ്രാം അമൃതം ന്യൂട്രിമിക്സ് ആണ് വിതരണം ചെയ്യേണ്ടത്. എന്നാൽ സ്റ്റോക്ക് രജിസറ്റർ പ്രകാരം 1669 കിലോഗ്രാം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത വ്യത്യാസം ക്രമപ്പെടുത്തിയത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുമില്ല. സർക്കാർ മാർഗ്ഗരേഖ അനുശാസിക്കും പ്രകാരം കൃത്യമായും, സുതാര്യമായും സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## <u>1-25 എ.ബി.സി പ്രോഗ്രാം- വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു</u>

പ്രോജക്റ്റ് നം. 90/21, ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം

അടങ്കൽ : 1,05,000(വി.ഫ-ജനറൽ)

ചെലവ് : 1,05,000

ബിൽ നം, തീയതി : 1/2020-21, 15.7.2020

നിർവഹണം : വെറ്ററിനറി സർജൻ

മേൽപ്രോജക്റ്റ് പ്രകാരംഒരു നായക്ക് 2100-രൂപ നിരക്കിൽ 50 നായ്ക്കളെ വന്ധീകരിക്കുന്നതിനായി വികസനഫണ്ടിൽ നിന്ന് 1,05,000-രൂപ കുടുംബശ്രീ മിഷന് കൈമാറിയിട്ടുണ്ട്. കുടുംബശ്രീ മിഷനിൽ നിന്നുള്ള UC ലഭ്യമായിട്ടില്ല. പ്രസ്തുത പദ്ധതി പൂർത്തീകരിച്ചത് സംബന്ധിച്ചുള്ള വിശദാംശങ്ങളോ, പ്രോജക്റ്റ് മോണിട്ടറിംഗ് റിപ്പോർട്ടോ ലഭ്യമല്ല. പദ്ധതി പ്രകാരം നായകളെ പിടിച്ചതിന്റെയോ വന്ധ്യംകരിച്ചതിന്റെ സാക്ഷ്യപത്രമോ നായകൾക്ക് മരുന്നും ഭക്ഷണവും നല്കി പരിപാലിച്ചതിന്റെയോ രേഖകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## <u>1-26 ഉല്പാദനമേഖലയിലെ പ്രോജകറ്റുകൾ – മോണിട്ടറിംഗ് കാര്യക്ഷമമാക്കേണ്ടതാണ്</u>

കൃഷി ഓഫീസർ, വെറ്ററിനറി സർജൻ എന്നിവർ നിർവഹണ ഉദ്യോഗസ്ഥരായിട്ടുള്ള ഉല്പാദനമേഖലയിലെ പ്രോജക്റ്റുകളുടെ രേഖകളുടെ പരിശോധനയിൽ നിന്നും പ്രസ്തുത പ്രോജക്റ്റുകൾ മോണിട്ടറിംഗ് നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നില്ല എന്ന് വ്യക്തമാകുന്നു. പദ്ധതി മാർഗ്ഗരേഖ ഖ 11.4, 13 എന്നിവ പ്രകാരം പദ്ധതി നിർവഹണം പൂർത്തിയാകുന്ന മുറക്ക് എല്ലാ നിർവഹണ ഉദ്യോഗസ്ഥരും പ്രോജക്റ്റിന്റെ ഭൗതിക ലക്ഷ്യങ്ങളും, കൈവരിച്ച നേട്ടങ്ങളും പ്രതിപാദിച്ച് കൊണ്ടുള്ള പൂർത്തീകരണ പത്രം സുലേഖയിൽ തയ്യാറാക്കേണ്ടതാണ്. പ്രോജക്റ്റ് മോണിട്ടറിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതാണ്. ഇതിനായി പദ്ധതി രൂപീകരണത്തിന് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും, പ്രസ്തുത കമ്മിറ്റികൾ മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി നിർവഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നല്കേണ്ടതുമാണ്. എന്നാൽ അപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. മേൽ വിഷയത്തിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ അനുവാര്യമാണ്.

## <u>1-27 ഇ-ടെണ്ടർ നടപടികൾക്കായുള്ള ബാങ്ക് അക്കൗണ്ട് - ക്രമീകരണങ്ങൾ അടിയന്തിരമായി നടത്തണം.</u>

ഇ- ടെണ്ടർ ഫോറത്തിന്റെ വില, നിരതദ്രവ്യം തുടങ്ങിയവയ്ക്കായി 07.09.2017-ൽ പോത്തൻകോട് SBI ശാഖയിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ഒരു അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. (A/C No. 37147189723). അക്കൗണ്ട് ആരംഭിക്കുന്നതിന് മുമ്പുള്ള ഇ--ടെണ്ടർ നടപടികളിൽ നിന്നുള്ള തുകകൾ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്ന് ഈ അക്കൗണ്ടിൽ ലഭ്യമാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. 2019 മാർച്ച് വരെ ലഭ്യമായിട്ടുള്ള തുകകളും പഞ്ചായത്ത് ഫണ്ടിൽ എത്തിച്ചിട്ടുണ്ട്. തുടർന്ന് ലഭ്യമായിട്ടുള്ള തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റിയിട്ടില്ല. കൂടാതെ ബാങ്ക് പാസ്ബുക്കിന്റെ പരിശോധനയിൽ ഇതിനകം 1981/- രൂപ സർവീസ് ചാർജ്ജ് ആയി ബാങ്ക് ഈടാക്കിയിട്ടുള്ളതായി കാണുന്നു.

മേൽ അപാകതകൾ പരിഹരിക്കുന്നതിനായി താഴെ പറയുന്ന ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

1. പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയിൽ മേൽ പറഞ്ഞ ബാങ്ക് അക്കൗണ്ട് ഉൾപ്പെടാത്തതിനാൽ എല്ലാ മാസാന്ത്യവും അക്കൗണ്ടിലെ തുക പഞ്ചായത്ത് ഫണ്ടിൽ എത്തിക്കേണ്ടതാണ്.
2. സർക്കാർ ആവശ്യങ്ങൾക്കായുള്ള ബാങ്ക് അക്കൗണ്ടിൽ നിന്ന് സർവ്വീസ് ചാർജ്ജ് ഈടാക്കുവാൻ പാടില്ലായെന്ന കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെയും റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെയും നിർദ്ദേശത്തെ മുൻനിർത്തി ഭരണസമിതി ബാങ്കിന് കത്ത് നൽകി ഈടാക്കിയ സർവ്വീസ് ചാർജ് തിരികെ ലഭ്യമാക്കാനുള്ള നടപടിയെടുക്കേണ്ടതാണ്.

## <u>ഭാഗം -2</u>

## <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[<u>KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം</u>]

ഇല്ല.

## <u>ഭാഗം -3</u>

## <u>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[<u>KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം</u>]

ഇല്ല.

## <u>ഭാഗം -4</u>

## 4-1 സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 0 | 8500 | കേദാരം -സമഗ്ര നെൽക്കൃഷി വികസനം | 8500 | 0 |
| | | 50000 | 7900 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ | 7900 | 603 |
| | | | 41497 | കമ്മ്യൂണിറ്റി കിച്ചൺ | 41497 | |
| | | 0 | 700000 | ക്ഷീരസമൃദ്ധി | 700000 | 0 |
| | | 752560 | 0 | ബഡ്സ് സ്കൂൾ അടുക്കള നിർമ്മാണം | 199607 | 552953 |
| | | 0 | 500000 | സ്നേഹസ്പർശം ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 500000 | 0 |
| | | 0 | 400000 | ലക്ഷം വീട് പുനരുദ്ധാരണം | 400000 | 0 |
| | | 0 | 320000 | ലൈഫ്(എസ്.സി.) | 320000 | 0 |
| | | 0 | 2020000 | ലൈഫ് ജനറൽ | 2020000 | 0 |
| | | 24458 | - | വിവിധ പ്രോജക്കുകൾ | 0 | 24458 |
| ആകെ | | 827018 | 4197504 | | 4197504 | 578014 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 0 | 550000 | ലക്ഷം വീട് പുനരുദ്ധാരണം | 550000 | 0 |
| | | 0 | 48000 | ക്ഷീരസമൃദ്ധി | 48000 | 0 |
| | | 0 | 98000 | ഹരിതഭവനം | 98000 | 0 |
| | | 0 | 1548000 | ലൈഫ് ജനറൽ | 1548000 | 0 |
| | | 0 | 400000 | ലക്ഷം വീട് പുനരുദ്ധാരണം(എസ്.സി.) | 400000 | 0 |
| | | 0 | 66960 | കിണർ റീചാർജ്ജിംഗ് | 66960 | 0 |
| | | 502463 | 0 | വിവിധ പ്രോജക്കുകൾ | 0 | 502463 |
| ആകെ | | 502463 | 2710960 | | 2710960 | 502463 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | മുൻ ബാക്കി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കി തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് | നീക്കിയിരിപ്പ് തുക |
|---|---|---|---|---|---|---|---|
| | | 2020-21 | | | | | |
| കേരള വാട്ടർ അതോറിറ്റി | 4487269 | 75/21 കല്ലുവിള ഇടത്തറ പൈപ്പ് ലൈൻ നീട്ടൽ | 700000 | 0 | 700000 | | 9239207 |
| | | 77/21 വേങ്ങോട് കഴുത്തുംമൂട് കടിവെള്ള പദ്ധതി | 545000 | 0 | 545000 | | |
| | | 130/21 ആനക്കോട് താഴെവിളാകം മൂല വിളാകം പൈപ്പ് ലൈൻ നീട്ടൽ | 575000 | 0 | 575000 | | |
| | | 131/21 പഴയ നിലം ചുരുട്ടമുകൾ പൈപ്പ് ലൈൻ നീട്ടൽ | 383821 | 0 | 383821 | | |
| | | 132/21 ചിത്രഞ്ജലി കുന്നത്തുറോഡ് പൈപ്പ് ലൈൻ നീട്ടൽ | 425000 | 0 | 425000 | | |
| | | 156/21 കടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 665000 | | 665000 | | |
| | | 160/21 കടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 525000 | | 525000 | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | 199/21 വേങ്ങോട് ചേനവിള അമ്പാലിക്കോണം കുടിവെള്ള പദ്ധതി | 288614 | | 288614 | | |
| | | 216/21 കോവിൽ വിളാകം പൈപ്പ് ലൈൻ നീട്ടൽ | 644503 | 0 | 644503 | | |
| കെ.എസ്.ഇ.ബി | 1665534 | 155/21 വൈദ്യുത ലൈൻ നീട്ടൽ | 749462 | 0 | 749462 | 0 | 2414996 |
| ഭൂജല വകുപ്പ് | 256810 | - | - | - | - | 0 | 256810 |
| പി.ഡബ്ല്യു.ഡി | 580000 | - | - | - | - | 0 | 580000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പ വിവരം | ഉത്തരവ്/ നമ്പർ/ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം അടച്ച തുക | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC | 289/എൽ.എം.സി.എ1-കെ.യു.ആർ.ഡി.എഫ്.സി/2018 തീയതി 04.01.2019 | 36967647 | 3320000 | 2999647 | 37288000 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 15,36,04,568 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 12,14,32,500 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3,47,484 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | വരവ് തുക | ചെലവ് തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | | | ഇല്ല |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 42,189 | ഷമീന ബീഗം എച്ച്, ഹെഡ്മാസ്റ്റർ |
| 1-19 | 26,622 | ഷമീന ബീഗം എച്ച്, ഹെഡ്മാസ്റ്റർ |
| 1-21 | 16,599 | ഷമീന ബീഗം എച്ച്, ഹെഡ്മാസ്റ്റർ, |
| 1-25 | 1,57,074 | 121807-കുമാരി കല, ഐ.സി.ഡി.എസ്. സൂപ്പർവൈസർ<br>35267-കവിത ഇ.വി.,ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-26 | 1,05,000 | ഡോ.പ്രീതി ഡേവിഡ്സൺ,വെറ്റിനറി സർജൻ |
| ആകെ | 3,47,484 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഷമീന ബീഗം എച്ച്,<br>ഹെഡ്മാസ്റ്റർ,ജി.യു.പി.എസ്. | ഹെഡ്മാസ്റ്റർ,ജി.യു.പി.എസ്.,കല്ലൂർ | താന്നിമൂട്ടിൽ വീട്, വാവറ അമ്പലം,<br>പോത്തൻകോട് പി.ഒ. |
| കുമാരി കല, ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ | - | മുരളീരവം, പണിമൂല, ആണ്ടൂർക്കോണം പി.ഒ. |
| കവിത ഇ.വി.,ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ | - | പാലോട്ടുവിള വീട് നമ്പർ 603,<br>ചായക്കുടിലൈൻ. പേട്ട, തിരുവനന്തപുരം |
| ഡോ.പ്രീതി<br>ഡേവിഡ്സൺ,വെറ്റിനറി സർജൻ | - | ഏദൻ, വി.ആർ.എ.,എ-56, വിമൻസ് കോളജ്<br>ലെയിൻ, വഴുതകാട്,<br>തിരുവനന്തപുരം |

## <u>4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1999-00 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/934/18 തീ.10.06.2018 | 2 | |
| 2001-02 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/934/18 തീ.16.06.2018 | 1 | |
| 2006-07 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/934/18 തീ.10.06.2018 | 3 | |
| 2007-08 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/934/18 തീ.10.06.2018 | 6 | |
| 2009-10 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/934/18 തീ.10.06.2018 | 1 | |
| 2010-11 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/934/18 തീ.10.06.2018 | 4 | |
| 2011-12 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/934/18 തീ.10.06.2018 | 5 | |
| 2012-13 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/934/18 തീ.10.06.2018 | 7 | |

| | | | |
|---|---|---|---|
| 2013-14 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/934/18 തീ.10.06.2018 | 3 | |
| 2014-15 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/1365/16 തീ.01.08.2016 | 14 | |
| 2015-16 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/2066/16 തീ.03.12.2016 | 22 | |
| 2016-17 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/1658/17 തീ.05.08.2017 | 24 | |
| 2017-18 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.11/2410/18 തീ.19.01.2019 | 30 | |
| 2018-19 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11/339/2020 തീ.30.06.2020 | 31 | |
| 2019-20 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.11/ | 31 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എസ്.24/9/21

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**അനുബന്ധം-2**

**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്